श्रीशङ्कराचार्यसंस्कृतसर्वकलाशाला, कालटी

# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## 61-ാമത് അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടിച്ചുരുക്കം

തീയതി : 12.01.2026 സ്ഥലം : ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി

സമയം : 10.30am

| ക്രമ നം. | പേര് | | ഒപ്പ് |
|---|---|---|---|
| 1. | ഡോ. കെ കെ. ഗീതാ കുമാരി, വൈസ് ചാൻസലർ | : | ഒപ്പ് |
| 2. | ഡോ. മോത്തി ജോർജ്ജ്, രജിസ്ട്രാർ | : | ഒപ്പ് |
| 3. | ഡോ. വി ലിസ്സി മാത്യു, പ്രൊഫ. ഇൻ ചാർജ്ജ് ഓഫ് എക്സാമിനേഷൻ | : | ഒപ്പ് |
| 4. | ഡോ. ടി. മിനി | : | ഒപ്പ് |
| 5. | ഡോ. ബി. അശോക് | : | ഒപ്പ് |
| 6. | ഡോ. ഓമന പി വി | : | ഒപ്പ് |
| 7. | ഡോ. ശ്രീകലാദേവി എസ് | : | ഒപ്പ് |
| 8. | ഡോ. ആർ ഡി സുനിൽ കുമാർ | : | ഒപ്പ് |
| 9. | ഡോ. എസ് ഷീബ | : | ഒപ്പ് |
| 10. | ഡോ. മുഹമ്മദ് മാഹിൻ എ | : | ഒപ്പ് |
| 11. | ശ്രീമതി. റാഹിലാ ബീവി എം എ ൈ | : | ഒപ്പ് |
| 12. | ഡോ. രേണുക കെ സി | : | ഒപ്പ് |
| 13. | ഡോ. ആതിര ജാതവേദൻ | : | ഒപ്പ് |
| 14. | ഡോ. ശ്യാമള കെ | : | ഒപ്പ് |
| 15. | ഡോ. മുരളീകൃഷ്ണൻ ടി ആർ | : | ഒപ്പ് |
| 16. | ഡോ. ജി നാരായണൻ | : | ഒപ്പ് |
| 17. | ഡോ. ടി. ജി ജ്യോതിലാൽ | : | ഒപ്പ് |
| 18. | ഡോ. കെ . രമാദേവി അമ്മ | : | ഒപ്പ് |
| 19. | ഡോ. എം. സത്യൻ | : | ഒപ്പ് |

| | | | |
|---|---|---|---|
| 20. | ഡോ. അംബിക കെ ആർ | : | ഒപ്പ് |
| 21. | ഡോ. സജിത കെ ആർ | : | ഒപ്പ് |
| 22. | ഡോ. ശീതൾ എസ് കുമാർ | : | ഒപ്പ് |
| 23. | ഡോ. വി ജി ഗോപാലകൃഷ്ണൻ | : | ഒപ്പ് |
| 24. | ഡോ. എം. സി അബ്ദുൾ നാസർ | : | ഒപ്പ് |
| 25. | ഡോ. രൂപ വി | : | ഒപ്പ് |
| 26. | ഡോ. ജോസ് ആന്റണി | : | ഒപ്പ് |
| 27. | ഡോ. രേഷ്മ ഭരദ്വജ് | : | ഒപ്പ് |
| 28. | ഡോ. ടി എസ് . സാജു | : | ഒപ്പ് |
| 29. | ഡോ. സംഗമേശൻ കെ.എം | : | ഒപ്പ് |
| 30. | ഡോ. കെ ജി കുമാരി | : | ഒപ്പ് |
| 31. | ഡോ. സൂസൻ തോമസ് | : | ഒപ്പ് |
| 32. | ഡോ. സന്ധ്യ അരവിന്ദ് | : | ഒപ്പ് |
| 33. | ഡോ. മാത്യൂസ് ടി തെള്ളി | : | ഒപ്പ് |
| 34. | ഡോ. കെ.കമറുന്നീസ | : | ഒപ്പ് |
| 35. | ഡോ. സിന്ധു അന്തർജ്ജനം | : | ഓൺലൈൻ |
| 36. | ഡോ. സുനിത ഗോപാലകൃഷ്ണൻ | : | ഓൺലൈൻ |
| 37. | ഡോ. അജിത് കുമാർ കെ വി | : | ഓൺലൈൻ |
| 38. | ഡോ. മഞ്ജു ഗോപാൽ | : | ഓൺലൈൻ |
| 39. | ഡോ. വിനീത് ആർ എസ് | : | ഓൺലൈൻ |
| 40. | ഡോ. അജയകുമാർ പി പി | : | ഓൺലൈൻ |
| 41. | പ്രൊഫ.(ഡോ.) ജയചന്ദ്രൻ | : | ഓൺലൈൻ |
| 42. | ഡോ. അബു കെ.എം | : | ഓൺലൈൻ |
| 43. | ശ്രീ. ആർ അജയൻ | : | ഓൺലൈൻ |

## I. അഭിസംബോധന (Introduction by the chair)

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

മുൻ രാജ്യസഭാംഗവും, നിയമസഭാംഗവുമായ ശ്രീ. തെന്നല ബാലകൃഷ്ണ പിള്ള, അഹമ്മദാബാദ് വിമാന അപകടത്തിൽ മരണപ്പെട്ടവരുടേയും, ചിന്തകനും എഴുത്തുകാരനും സാമൂഹിക പ്രവർത്തകനുമായ ശ്രീ. കെ.എം. സലിം കുമാർ, മുൻ മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്ചുതാനന്ദൻ, മുൻ മന്ത്രി ശ്രീ. സി. വി.

പത്മരാജൻ, സർവകലാശാലയിൽ ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നതും, മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും ജോയിന്റ് രജിസ്ട്രാറായി വിരമിച്ച ശ്രീ ബാബുരാജ് എ. വാര്യർ, സർവകലാശാലയിൽ നിന്നും പ്ലംബർ ആയി വിരമിച്ച ശ്രീ. സോമസുന്ദരൻ എം.എസ്, മുൻ നിയമസഭാ സ്പീക്കറും മന്ത്രിയുമായിരുന്ന ശ്രീ. പി.പി. തങ്കച്ചൻ, പീരുമേട് എം.എൽ.എ. ശ്രീ. വാഴൂർ സോമൻ, രസതന്ത്ര ശാസ്ത്രകാരനും, സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടറുമായ ഡോ. സി.വി. രാമചന്ദ്രൻ നായർ, പ്രശസ്ത എഴുത്തുകാരനും സാഹിത്യ വിമർശകനും നിരൂപകനുമായ പ്രൊഫ. എം. കെ. സാനു, സർവകലാശാല മുൻ ഡെപ്യൂട്ടി രജിസ്ട്രാർ അഡ്വ. ഇ.ഒ. മനോഹരൻ, കൊയിലാണ്ടി എം.എൽ.എ ശ്രീമതി. കാനത്തിൽ ജമീല, പ്രശസ്ത ചലചിത്ര നടനും, തിരകഥാകൃത്തും, സംവിധായകനുമായ ശ്രീ. ശ്രീനിവാസൻ, സർവകലാശാലയിലെ മലയാള വിഭാഗം ഗസ്റ്റ് അധ്യാപകനായ ഡോ. ഷൈജു. വി., സർവകലാശാലയിലെ സംസ്കൃത വേദാന്ത വിഭാഗം അധ്യക്ഷനായിരുന്ന പ്രൊഫ. ഡോ. പി. ചിദംബരൻ, മുൻ മന്ത്രി ശ്രീ. വി.കെ ഇബ്രാംഹിം കുഞ്ഞ്, പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ ഡോ. മാധവ് ഗാഡ്ഗിൽ എന്നിവരുടെ നിര്യാണത്തിലും, മറ്റ് രാഷ്ട്രീയ, സാമൂഹിക, കലാ, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

1. സർവകലാശാല സിൻഡിക്കേറ്റിലേക്ക് ബഹു. ചാൻസലറുടെ പ്രതിനിധികളായി സാൻസ്ക്രിറ്റ് വിഭാഗത്തിൽ നിന്നും ഡോ. കെ. ഉണ്ണികൃഷ്ണൻ (റിട്ടയേർഡ് പ്രിൻസിപ്പൽ, ഗവൺമെന്റ് സംസ്കൃത കോളേജ്, തിരുവനന്തപുരം,) ഇൻഡോളജി വിഭാഗത്തിൽ നിന്നും ഡോ. വിനീത് ആർ.എസ്. (അസിസ്റ്റന്റ് പ്രൊഫസർ, ഹിസ്റ്ററി വിഭാഗം, എൻ.എസ്.എസ്. ഹിന്ദു കോളേജ്, ചങ്ങനാശ്ശേരി), ഇന്ത്യൻ ഫിലോസഫി വിഭാഗത്തിൽ നിന്നും ഡോ. എസ്. ശ്രീകല ദേവി (റിട്ടയേർഡ് അസ്സോസിയേറ്റ് പ്രൊഫസർ, ഫിലോസഫി വിഭാഗം മേധാവി, എൻ.എസ്.എസ്. കോളേജ് ഫോർ വിമൺ, തിരുവനന്തപുരം), ഇന്ത്യൻ ലാംഗ്വേജസ് വിഭാഗത്തിൽ നിന്നും ഡോ. സിന്ധു അന്തർജനം (അസ്സോസിയേറ്റ് പ്രൊഫസർ, മലയാളം വകുപ്പ്, സനാതന ധർമ്മ കോളേജ്, ആലപ്പുഴ) എന്നിവരെ ബഹു. ചാൻസലർ നാമനിർദ്ദേശം ചെയ്തു. എല്ലാവരെയും അക്കാദമിക് കൗൺസിലിലേക്ക് സ്വാഗതം ചെയ്യുന്നു.
2. സർവകലാശാല സിൻഡിക്കേറ്റിലേക്ക് വിദ്യാർത്ഥി പ്രതിനിധിയായി സർക്കാർ നാമനിർദ്ദേശം ചെയ്ത ശ്രീ. മിഥുൻ എം. നെ (ബിരുദാനന്തര ബിരുദ വിദ്യാർത്ഥി, മലയാളം വിഭാഗം, പന്മന പ്രാദേശിക കേന്ദ്രം) അക്കാദമിക് കൗൺസിലിലേക്ക് സ്വാഗതം ചെയ്യുന്നു.
3. സർവകലാശാലയുടെ കാലടി ക്യാമ്പസിലും വിവിധ പ്രാദേശിക ക്യാമ്പസുകളിലും സെമസ്റ്റർ അവധി കഴിഞ്ഞ് 2025 ജൂൺ 2 ന് ക്ലാസ്സുകൾ പുനരാരംഭിച്ചു. ഒന്നാം വർഷ പി.ജി വിദ്യാർത്ഥികളുടെ ക്ലാസ്സ് 2025 ജൂൺ 4 ന് ആരംഭിച്ചു.
4. 2025 പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് എസ്.എസ്.യു.എസ്. സുകൃതി ഫോറസ്റ്റ് ക്ലബ്ബ്, എൻ.എസ്.എസ്. എന്നിവരുടെ നേതൃത്വത്തിൽ മുഖ്യകേന്ദ്രത്തിൽ ജൂൺ 5 ന് തൈകൾ നട്ടു. സിൻഡിക്കേറ്റ് വർക്സ് ആൻഡ് പർച്ചേസ് കമ്മിറ്റി കൺവീനർ ഡോ. ബി. അശോക്, പ്രൊഫസർ ഇൻചാർജ്ജ് ഓഫ് എക്സാമിനേഷൻസ്, രജിസ്ട്രാർ എന്നിവർ ചേർന്ന് തൈകൾ നട്ട് പരിസ്ഥിതി ദിനാഘോഷം ഉദ്ഘാടനം ചെയ്തു.
5. സെന്റർ ഫോർ ബുദ്ധിസ്റ്റ് സ്റ്റഡീസും, എസ്.എൻ.ഡി.പി പബ്ലിക് ലൈബ്രറി, കാലടിയും സംയുക്തമായി 2025 ജൂൺ 4 ന് "മതനിരപേക്ഷതയും, മൗലികാവകാശങ്ങളും ധ്വംസിക്കുന്ന ഗയ, വഖഫ് ആക്ടുകൾ" എന്ന വിഷയത്തിലും, 2025 ജൂൺ 9 ന് "ഗയയുടെ മേലേ ഹിന്ദുത്വയുടെ നീണ്ട ചാപം" എന്ന വിഷയത്തിലും ഓൺലൈനായി ഇന്റർനാഷണൽ സെമിനാറുകൾ സംഘടിപ്പിച്ചു.
6. ഇന്റർ നാഷണൽ സ്കൂൾ ഫോർ ശ്രീ ശങ്കരാചാര്യ സ്റ്റഡീസിന്റേയും, ഗ്ലോബൽ ഫോറം ഫോർ യങ് ഫിലോസഫേഴ്സിന്റേയും, ഇന്ത്യൻ കൗൺസിൽ ഓഫ് ഫിലോസഫിക്കൽ റിസർച്ചിന്റേയും സംയുക്താഭിമുഖ്യത്തിൽ 2025 ജൂൺ 12, 13 തീയതികളിലായി നാലാമത് ഗ്ലോബൽ ഫോറം ഫോർ യങ് ഫിലോസഫേഴ്സ് ആനുവൽ ഇന്റർനാഷണൽ കോൺഫെറൻസ് മുഖ്യകേന്ദ്രത്തിൽ വച്ച് നടക്കുന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. വൈസ് ചാൻസലർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പ്രൊഫസർ

ബാബു ജോസഫ് (ഫോർമർ വൈസ് ചാൻസലർ, കുസാറ്റ്) കോൺഫെറൻസ് ഉദ്ഘാടനം നിർവ്വഹിക്കും. പ്രൊഫസർ നിർമാല്യ നാരായൺ ചക്രബർത്തി (വൈസ് ചാൻസലർ, പ്രസിഡൻസി യൂണിവേഴ്സിറ്റി, കൽക്കത്ത) മുഖ്യ പ്രഭാഷണം നടത്തും.

7. സംസ്ഥാന സർക്കാർ സർവകലാശാലകളിൽ ആരംഭിക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ പദ്ധതി പ്രകാരം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സർവകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിൽ ആരംഭിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ജെൻഡർ ഇക്വിറ്റിയുടേയും ഉന്നത വിദ്യാഭ്യാസ ശില്പശാലയുടേയും ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു 2025 ജൂൺ 20 ന് നിർവഹിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം വർദ്ധിപ്പിക്കാനും രാജ്യാന്തര നിലവാരത്തിലുള്ള അത്യാധുനിക ഗവേഷണം വികസിപ്പിക്കുന്നതിനുമായി മികവിന്റെ കേന്ദ്രങ്ങളിൽ ഒന്നായി ആരംഭിക്കുന്ന കേരള ലാംഗ്വേജ് നെറ്റ് വർക്കിന്റെ ഉപകേന്ദ്രമായി സർവകലാശാലയിൽ വിവർത്തന പഠനകേന്ദ്രം ആരംഭിക്കുമെന്നും മന്ത്രി ഉറപ്പുനൽകി. വൈസ് ചാൻസലർ ഡോ. കെ.കെ. ഗീതാകുമാരി, ശ്രീ റോജി എം. ജോൺ എ.എൽ.എ, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ ഡോ. രാജൻ വർഗ്ഗീസ്, ബഹു. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എം. സത്യൻ, ഡോ. പി.വി. രാമൻകുട്ടി, ശ്രീ. ആർ. അജയൻ, അഡ്വ. കെ. എസ്. അരുൺകുമാർ, ഡോ. ബി. അശോക്, ഡോ. മാത്യൂസ് ടി. തെള്ളി, ഡോ. പി.വി. ഓമന, രജിസ്ട്രാർ, ഡോ. മോത്തി ജോർജ്ജ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. അന്നേ ദിവസം സർവകലാശാലയും ഉന്നത വിദ്യാഭ്യാസ കൗൺസിലും സഹകരിച്ച് സംഘടിപ്പിച്ച ഉന്നത വിദ്യാഭ്യാസ ശിൽപശാലയിൽ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗ്ഗീസ് മുഖ്യ പ്രഭാഷണം നടത്തി.

8. സർവകലാശാലയിൽ അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് 2025 ജൂൺ 21 ന് കായിക പഠന വകുപ്പ്, എൻ.സി.സി, എൻ.എസ്.എസ് എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ അന്താരാഷ്ട്ര യോഗ ദിന ആഘോഷങ്ങൾ സംഘടിപ്പിച്ചു. പ്രൊഫസർ ഇൻചാർജ്ജ് ഓഫ് എക്സാമിനേഷൻസ് ഡോ. വി. ലിസ്സി മാത്യൂ യോഗാദിനം ഉദ്ഘാടനം ചെയ്തു.

9. സർവകലാശാല സെൻട്രൽ ലൈബ്രറിയുടെ നേതൃത്വത്തിൽ വായനാവാരത്തോടനുബന്ധിച്ച് 2025 ജൂൺ 23 ന് വിദ്യാർത്ഥികൾക്കുവേണ്ടി ക്വിസ്സ്, കവിതാരചന, ആസ്വദനക്കുറിപ്പ് മത്സരങ്ങൾ സംഘടിപ്പിച്ചു.

10. ലോക ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് 2025 ജൂൺ 26 ന് സർവകലാശാലയിൽ വിവിധ തരത്തിലുള്ള ലഹരി വിരുദ്ധ പരിപാടികൾ സംഘടിപ്പിച്ചു. സർവകലാശാലയിൽ വച്ചുനടന്ന ലഹരി വിരുദ്ധ പ്രതിജ്ഞയിൽ അധ്യാപക, അനധ്യാപക, വിദ്യാർത്ഥികൾ പങ്കെടുത്തു. എൻ.എസ്.എസ്, എൻ.സി.സി എന്നിവയുടെ നേതൃത്വത്തിൽ റാലികൾ, ഫ്ലാഷ് മോബ്, ബോധവത്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചു.

11. സർവകലാശാലയും കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലും സംയുക്തമായി 2025 ജൂൺ 24 മുതൽ 28 വരെ ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. ‘Transforming Higher Education : Reforms to action’ എന്ന വിഷയത്തിൽ നടന്ന ട്രെയിനിംഗ് പ്രോഗ്രാമിൽ സർവകലാശാലയിലെ റഗുലർ അധ്യാപകരും പുറത്തുനിന്നുള്ള അധ്യാപകരും ഉൾപ്പടെ 80 ഓളം പേര് പങ്കെടുത്തു.

12. നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ പ്രവേശനോത്സവം 2025 ജൂലൈ 01 ന് സർവകലാശാലയുടെ വിവിധ ക്യാമ്പസുകളിൽ സംഘടിപ്പിച്ചു. കാലടി ക്യാമ്പസിലെ പ്രവേശനോത്സവത്തിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ ഡോ. കെ.കെ. ഗീതാകുമാരി നിർവഹിച്ചു.

13. സർവകലാശാലയിലെ സെന്റർ ഫോർ ബുദ്ധിസ്റ്റ് സ്റ്റഡീസും, എസ്.എൻ.ഡി.പി പബ്ലിക് ലൈബ്രറി കാലടിയും സംയുക്തമായി 2025 ജൂലൈ 02 ന് “Fabric of Modernity : Clothing in Ayyankali, Ambedkar and Gandhi’ എന്ന വിഷയത്തിൽ ഓൺലൈനായി ഇന്റർ നാഷണൽ സെമിനാർ സംഘടിപ്പിച്ചു. പ്രൊഫസർ പി.പി. അജയകുമാർ (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, കേരള യൂണിവേഴ്സിറ്റി) മുഖ്യ പ്രഭാഷണം നടത്തി.

14. സർവകലാശാല കാലടി ക്യാമ്പസിൽ ഹിസ്റ്ററി വകുപ്പിന്റേയും കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ചിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ 2025 ജൂലൈ 03,04 തീയതികളിൽ പ്രിന്റ് ആന്റ് ട്രഡീഷണൽ എന്ന വിഷയത്തിൽ റിസർച്ച് വർക്ക്ഷോപ് സംഘടിപ്പിച്ചു. പ്രൊഫ. വീണ നരേഗൽ (സോഷ്യോളജി വകുപ്പ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക് ഗ്രോത്ത്, ഡൽഹി) മുഖ്യ ഭാഷണം നടത്തി.
15. 2025 അധ്യയന വർഷം അഡ്മിഷൻ നേടിയ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കുള്ള ഇൻഡക്ഷൻ പ്രോഗ്രാം 2025 ജൂലൈ 16,17,18 തീയതികളിലായി കാലടി മുഖ്യ കേന്ദ്രത്തിൽ സംഘടിപ്പിച്ചു. പ്രോഗ്രാമിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ നിർവ്വഹിച്ചു.
16. ഇന്റർ നാഷണൽ സ്കൂൾ ഫോർ ശ്രീ ശങ്കരാചാര്യ സ്റ്റഡീസ് ന്റെ ആഭിമുഖ്യത്തിൽ 2025 ജൂലൈ 18 -ാം തീയതി ഇന്റർനാഷണൽ ലക്ച്ചർ സീരീസ് ഓൺലൈനായി സംഘടിപ്പിച്ചു. ഡോ. സോനം കച്ച്റു (Assistant Professor, Yale University, USA ) “And Where is the Place of Understanding ? Lessons for Cosmopolitan Philosophers” എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.
17. സർവകലാശാലയിലെ വിദ്യാർത്ഥി സേവന വിഭാഗം ഡയറക്ടറായി ഫിലോസഫി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ആർ. ശർമിള 2025 ഓഗസ്റ്റ് 4 ന് ചുമതല ഏറ്റെടുത്തു.
18. ചിത്രകലാവിഭാഗം സംഘടിപ്പിച്ച ചിത്രപ്രദർശനം 'ലോർഡ്സ് ആൻഡ് ലാബിരിന്ത്സ്' 2025 ഓഗസ്റ്റ് 05 ന് കാലടി മുഖ്യ കേന്ദ്രത്തിലെ ലളിതകലാ അക്കാദമിയുടെ എക്സിബിഷൻ സെന്ററിൽ നടന്നു. ശങ്കരജയന്തി ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച ചിത്രപ്രദർശനത്തിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ നിർവഹിച്ചു.
19. ശ്രീശങ്കരജയന്തി ആഘോഷങ്ങളുടെ രണ്ടാം ഘട്ടം 2025 ഓഗസ്റ്റ് 05, 06 തീയതികളിലായി കാലടി മുഖ്യ കേന്ദ്രത്തിൽ വച്ച് നടന്നു. വൈസ് ചാൻസലർ അധ്യക്ഷത വഹിച്ച ചടങ്ങിൽ പ്രൊഫ. എസ്. രംഗനാഥ് (ബംഗളൂരു സർവകലാശാല) മുഖ്യ പ്രഭാഷണം നടത്തി. ആഘോഷങ്ങളുടെ ഭാഗമായി നടന്ന അക്കാദമിക് സെമിനാർ പ്രൊഫ. ലക്ഷ്മികാന്തപതി (ഫിലോസഫി വിഭാഗം, ബംഗാൾ സർവകലാശാല) പ്രത്യേക പ്രഭാഷണം നടത്തി.
20. സംസ്ഥാന സർക്കാരിന്റെ വിജ്ഞാനകേരളം പദ്ധതിയുടെ ആഭിമുഖ്യത്തിൽ കെ ഡിസ്കുമായി സഹകരിച്ച് 2025 ഓഗസ്റ്റ് 19 -ാം തീയതി സർവകലാശാലയുടെ കാലടി മുഖ്യകേന്ദ്രത്തിൽ കരിയർ ഓറിയന്റേഷൻ ക്ലാസ്സ് എടുത്തു. വിജ്ഞാനകേരളം ഉപദേഷ്ടാവും മുൻ ധനമന്ത്രിയുമായ ഡോ. ടി.എം. തോമസ് ഐസക് സെമിനാർ ഉദ്ഘാടനം ചെയ്തു. വൈസ് ചാൻസലർ അധ്യക്ഷത വഹിച്ച ചടങ്ങിൽ കേരള നോളജ് ഇക്കോണമി മിഷൻ ഡയറക്ടർ ഡോ. പി.എസ്. ശ്രീകല പദ്ധതി അവതരണം നടത്തി. നൂർ സ്കിൽഡ് സ്ഥാപകനും ചീഫ് കോച്ചുമായ മുഹമ്മദ് പി. ഹാഷിം കരിയർ ഓറിയന്റേഷൻ സെമിനാർ സംഘടിപ്പിച്ചു. സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ കെ.എസ്. അരുൺ കുമാർ, ശ്രീ. ആർ അജയൻ, രജിസ്ട്രാർ മോത്തി ജോർജ്ജ്, സർവകലാശാല യൂണിയൻ ചെയർ പേഴ്സൺ ശ്രീ. പി.എം അശ്വന്ത്, യൂണിയൻ എക്സിക്യൂട്ടീവ് അംഗം കുമാരി കുസുമം കുറവത്ത് എന്നിവർ സംസാരിച്ചു.
21. സർവകലാശാലയും കോട്ടയ്ക്കൽ ആര്യവൈദ്യശാലയും ചേർന്ന് 2025 ഓഗസ്റ്റ് 20 -ാം തീയതി സംഘടിപ്പിച്ച 'ആദരാർപ്പണം' പരിപാടിയിൽ പണ്ഡിത ദമ്പതികളായ ഡോ. കെ.ജി. പൗലോസ്, പ്രൊഫസർ ടി. സരള എന്നിവരെ വൈസ് ചാൻസലർ ആദരിച്ചു. വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ കോട്ടയ്ക്കൽ ആര്യവൈദ്യശാലയിലെ മാനേജിങ് ട്രസ്റ്റിയും ചീഫ് ഫിസിഷ്യനുമായ ഡോ. പി.എം. വാരിയർ മുഖ്യാതിഥിയായി. 'കൈക്കുളങ്ങര രാമവാരിയർ - പ്രജ്ഞയും പ്രതിഭയും' എന്ന പുസ്തകത്തിന്റെ പ്രകാശനം ഡോ. കെ. ജി പൗലോസ് നിർവഹിച്ചു. സിൻഡിക്കേറ്റ് അംഗവും ആയുർവേദ വിഭാഗം പ്രൊഫസർ ഇൻചാർജ്ജുമായ ഡോ. എം. സത്യൻ അധ്യക്ഷത വഹിച്ചു.
22. സർവകലാശാലയിലെ സെന്റർ ഫോർ ബുദ്ധിസ്റ്റ് സ്റ്റഡീസും, എസ്.എൻ.ഡി.പി പബ്ലിക് ലൈബ്രറി കാലടിയും സംയുക്തമായി 2025 സെപ്റ്റംബർ 3 ന് Pandit Ayyothee Thadar and Modern Budhism in India എന്ന വിഷയത്തിൽ ഓൺലൈനായി ഇന്റർനാഷണൽ സെമിനാർ സംഘടിപ്പിച്ചു. Dr. Dickens Leonard (IIT, Delhi) മുഖ്യ പ്രഭാഷണം നടത്തി.

23. നാല് വർഷ ബിരുദ പ്രോഗ്രാമിന്റെ പുരോഗതി വിലയിരുത്തുന്നതിനായി ബഹു. ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 2025 സെപ്റ്റംബർ 11 ന് തൃശ്ശൂരിൽ സംഘടിപ്പിച്ച യോഗത്തിൽ പ്രൊഫസർ ഇൻചാർജ്ജ് ഓഫ് എക്സാമിനേഷൻസ്, രജിസ്ട്രാർ, ഡോ. കെ.എം. സംഗമേശൻ എന്നിവർ പങ്കെടുത്തു.
24. സൈക്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ ആത്മഹത്യ പ്രതിരോധ ദിനത്തോട് അനുബന്ധിച്ച് 2025 സെപ്റ്റംബർ 10 ന് സെമിനാറും തെരുവു നാടകവും സംഘടിപ്പിച്ചു. Creating Hope through action എന്ന വിഷയത്തിൽ ഡോ. ജിത ജി. (Specialist, Psychiatry and Behavioral Medicine, Kimshealth, Thiruvananthapuram) പ്രഭാഷണം നടത്തി.
25. പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിൽ ശ്രീ ശങ്കര ജയന്തി ദിനാചരണം 2025 സെപ്റ്റംബർ 11 ന് സംഘടിപ്പിച്ചു. സംസ്കൃത ഭാഷ - പ്രസക്തിയുടെ പ്രത്യേകതകളും എന്ന വിഷയത്തിൽ ഡോ. ഇ. ശ്രീധരൻ ( റിട്ട. പ്രൊഫസർ, എസ്.എസ്.യു.എസ്) മുഖ്യ പ്രഭാഷണം നടത്തി.
26. സംസ്കൃത സാഹിത്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഡോ. എം.എസ് മേനോൻ ജന്മശതാബ്ദി അനുസ്മരണവും, സ്മാരക പ്രഭാഷണവും 2025 സെപ്റ്റംബർ 12 ന് കാലടി മുഖ്യകേന്ദ്രത്തിൽ സംഘടിപ്പിച്ചു. ഡോ. ധർമ്മരാജ് അടാട്ട് (മുൻ വൈസ് ചാൻസലർ, എസ്.എസ്.യു.എസ്), ഡോ. പി.വി രാമൻകുട്ടി ( മുൻ സിൻഡിക്കേറ്റ് അംഗം, എസ്.എസ്.യു.എസ്) എന്നിവർ മുഖ്യ പ്രഭാഷണം നടത്തി.
27. സർവകലാശാല മുഖ്യ കേന്ദ്രത്തിൽ പെയിന്റിംഗ് വിഭാഗവും, പൂനെയിലുള്ള മഹാരാഷ്ട്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും (MIT) സംയുക്തമായി 2025 സെപ്റ്റംബർ 11, 12 തീയതികളിലായി മ്യൂറൽ പെയിന്റിംഗ് വർക്ഷോപ്പ് സംഘടിപ്പിച്ചു.
28. തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിൽ ശ്രീ ശങ്കര ജയന്തി ദിനാചരണം 2025 സെപ്റ്റംബർ 15 ന് സംഘടിപ്പിച്ചു. ഉപനിഷദ്ദർശനത്തിന്റെ സാമൂഹിക മാനങ്ങൾ എന്ന വിഷയത്തിൽ ഡോ. ജോയ് വാഴയിൽ (മുൻ ചീഫ് സെക്രട്ടറി) മുഖ്യ പ്രഭാഷണം നടത്തി.
29. കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള State Level Quality Assurance Cell (SLQAC) ന്റെ നേതൃത്വത്തിൽ 2023 ഫെബ്രുവരി 1 മുതൽ മികച്ച NIRF A ഗ്രേഡുകൾ അല്ലെങ്കിൽ മികച്ച NIRF റാങ്കുകളും നേടിയ കേരളത്തിലെ തിരഞ്ഞെടുത്ത സർവകലാശാലകളെ അനുമോദിക്കുന്നതിന് 2025 സെപ്റ്റംബർ 15, 16 തിയതികളിലായി തിരുവനന്തപുരത്തുവച്ച് സംഘടിപ്പിച്ച Excellentia 2025 പരിപാടിയിൽ സർവകലാശാലയെ പ്രതിനിധീകരിച്ച് വൈസ് ചാൻസലറും, സിൻഡിക്കേറ്റ് അംഗങ്ങളും, ഐക്യുഎസി ഡയറക്ടറും പങ്കെടുത്തു.
30. സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ Institutionalization of Gender responsive Budgeting in Kerala എന്ന വിഷയത്തിൽ 2025 സെപ്റ്റംബർ 16 ന് തിരുവനന്തപുരത്തുവച്ച് സംഘടിപ്പിച്ച ഏകദിന ശില്പശാലയിൽ സർവകലാശാലയെ പ്രതിനിധീകരിച്ച് രജിസ്ട്രാർ, ഫിലോസഫി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ഫൈസൽ എൻ.എം എന്നിവർ പങ്കെടുത്തു.
31. പ്രൊഫ. എസ്. വെങ്കിടകൃഷ്ണൻ എൻഡോവ്മെന്റ് പ്രഭാഷണം സാഹിത്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ 2025 സെപ്റ്റംബർ 18 ന് കാലടി മുഖ്യകേന്ദ്രത്തിൽ സംഘടിപ്പിച്ചു.
32. മലയാള വിഭാഗവും വിദ്യാർത്ഥി കൂട്ടായ്മയായ മലയാണ്മയും ചേർന്ന് കാലടി മുഖ്യ കേന്ദ്രത്തിൽ 2025 സെപ്റ്റംബർ 23 ന് 'ഒ.വി വിജയൻ വര എഴുത്തിലേക്ക് എന്ന വിഷയത്തിൽ ഏകദിന ലക്ച്ചർ ഡെമോൺസ്ട്രേഷൻ സംഘടിപ്പിച്ചു. ഇന്ത്യൻ എക്സ്പ്രസ്സിന്റെ ചീഫ് പൊളിറ്റിക്കൽ കാർട്ടൂണിസ്റ്റ് ശ്രീ. ഇ.പി ഉണ്ണി മുഖ്യപ്രഭാഷണം നടത്തി.
33. ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രത്തിൽ ശ്രീ ശങ്കരജയന്തി ആഘോഷങ്ങൾ 2025 സെപ്റ്റംബർ 23, 24 തീയതികളിലായി സംഘടിപ്പിച്ചു. ഡോ. കെ.പി. ഉണ്ണികൃഷ്ണൻ (റിട്ട. പ്രൊഫസർ, എൻ.എസ്.എസ്. കോളേജ്, പന്തളം) മുഖ്യ ഭാഷണം നടത്തി.
34. സർവകലാശാലയിലെ ആയുർവേദ വിഭാഗം, കേരള ആയുർവേദ ലിമിറ്റഡ്, ദി ലീല റാവിസ്, പോൾ ജോൺ റിസോർട്ട്സ് എന്നീ വ്യവസായ സ്ഥാപനങ്ങളുമായി ധാരണാപത്രത്തിൽ ഒപ്പിട്ടു. ആയുർവേദ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വ്യവസായിക പരിശീലനം, പ്ലേസ്മെന്റ് എന്നിവ

നൽകുന്നതുമായി ബന്ധപ്പെട്ടുള്ള ധാരണാപത്രം ഡോ. കെ അനിൽകുമാർ (കേരള ആയുർവേദ ലിമിറ്റഡ്) പി.ജെ.വിഷ്ണു (പോൾ ജോൺ റിസോർട്സ്) എന്നിവർ സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. ആർ. അജയൻ, ഡോ. ലിസ്സി മാത്യു, ഡോ. ജേക്കബ് തോമസ് പുതുപ്പള്ളിൽ (അഡ്ജന്റ് ഫാക്കൽറ്റി, ആയുർവേദ വിഭാഗം) എന്നിവർക്ക് കൈമാറി.

35. സർവകലാശാലയിലെ സെന്റർ ഫോർ ബുദ്ധിസ്റ്റ് സ്റ്റഡീസും, എസ്.എൻ.ഡി.പി പബ്ളിക് ലൈബ്രറി കാലടിയും സംയുക്തമായി 2025 ഒക്ടോബർ 01 ന് " No to Violence, War and Genocide : A Plea for Peace, Compassion and Justice" എന്ന വിഷയത്തിൽ ഓൺലൈനായി ഇന്റർനാഷണൽ സെമിനാർ സംഘടിപ്പിച്ചു. ഡോ. പി.കെ പോക്കർ (പ്രൊഫസർ, കാലിക്കറ്റ് സർവകലാശാല) മുഖ്യ പ്രഭാഷണം നടത്തി.

36. സംസ്കൃത ഭാഷയുടെ പരിപോഷണത്തിനും പ്രചാരണത്തിനുമായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം സർവകലാശാലയ്ക്ക് ഏഴ് ഗവേഷണ പദ്ധതികൾ അനുവദിച്ചു. സർവകലാശാലയിലെ അഞ്ച് സംസ്കൃതം അധ്യാപകർക്ക് അഞ്ച് വിവിധ ഗവേഷണ പദ്ധതികളിലായി 31 ലക്ഷം രൂപയുടെ സഹായമാണ് അനുവദിച്ചിരിക്കുന്നത്. ന്യൂഡൽഹിയിലെ സെൻട്രൽ സാൻസ്കൃറ്റ് യൂണിവേഴ്സിറ്റി മുഖേന കേന്ദ്ര വിദ്യഭ്യാസ മന്ത്രാലയം 2025-2026 വർഷത്തെ അഷ്ടാദശി പദ്ധതിക്ക് കീഴിലാണ് സർവകലാശാലയ്ക്ക് അഞ്ച് ഗവേഷണ പദ്ധതികൾ അനുവദിച്ചിരിക്കുന്നത്. പ്രഗത്ഭരായ സംസ്കൃത പണ്ഡിതരുടെ സേവനം സർവകലാശാലകൽക്ക് പ്രയോജനപ്രദമാക്കുന്നതിനുള്ള ശാസ്ത്രചൂഢാമണി പദ്ധതിയിൽ സർവകലാശാലയിൽ നിന്നും വിരമിച്ച രണ്ട് സംസ്കൃതം പ്രൊഫസർമാർ സമർപ്പിച്ച പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. കാലടി മുഖ്യ കേന്ദ്രത്തിലെ ഡോ. കെ.എം. സംഗമേശൻ (സംസ്കൃതം സാഹിത്യം), ഡോ. ലിഷ സി.ആർ (സംസ്കൃതം ജനറൽ), ഡോ. ശിവജ എസ്. നായർ (സംസ്കൃതം ജനറൽ), ഡോ. ആതിര ജാതവേദൻ (സംസ്കൃതം ജനറൽ), തിരൂർ പ്രാദേശിക കേന്ദ്രത്തിലെ ഡോ. അബ്ദുൾ റഷീദ് (സംസ്കൃതം വ്യാകരണം). എന്നീ അധ്യാപകർക്കാണ് അഷ്ടാദശി പദ്ധതി പ്രകാരം വിവിധ ഗവേഷണ പദ്ധതികൾക്ക് ധനസഹായം ലഭിച്ചത്. സർവകലാശാലയിൽ നിന്നും വിരമിച്ച സംസ്കൃത പണ്ഡിതനായ പ്രൊഫ. വി. രാമകൃഷ്ണ ഭട്ട് (സംസ്കൃതം ന്യായം), പ്രൊഫ. വി. ആർ മുരളീധരൻ (സംസ്കൃതം സാഹിത്യം) എന്നിവർ സമർപ്പിച്ച പദ്ധതികൾ ശാസ്ത്രചൂഢാമണി പദ്ധതിയിലൂടേയും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്. സർവകലാശാലയ്ക്ക് അഭിമാനകരമായ നേട്ടം സമ്മാനിച്ച മേൽപ്പറഞ്ഞ എല്ലാവരേയും അഭിനന്ദിക്കുന്നു.

37. 2025 ഒക്ടോബർ 31 ന് ഗുജറാത്തിലെ കെവഡിയയിൽ വച്ച് സർദാർ വല്ലഭായി പട്ടേൽ ജന്മദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന "നാഷണൽ ഏകതാ ദിവസ്" കല നൃത്ത പരിപാടികളിൽ പങ്കെടുക്കുവാൻ സർവകലാശാലയിലെ ഡാൻസ് വിഭാഗത്തിലേ 20 വിദ്യാർത്ഥികൾ പങ്കെടുത്തു.

38. സർവകലാശാലയിലെ സംരംഭകത്വ സ്ഥാപനമായ രൂപകൽപ്പന ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്റർ അധ്യാപകർക്കായി 2025 ഒക്ടോബർ 16 ന് സംഘടിപ്പിച്ച ശിൽപശാല വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്തു. സിൻഡിക്കേറ്റ് അംഗങ്ങളായ ശ്രീ. ആർ. അജയൻ, ഡോ. എം. സത്യൻ, കേരള സ്റ്റാർട്ട് അപ് മിഷൻ മാനേജർ ശ്രീ. എം. കൃഷ്ണകുമാർ, ഡോ. വി.കെ. ഭവാനി എന്നിവർ പങ്കെടുത്തു.

39. സർവകലാശാല പൂർവ്വ വിദ്യാർത്ഥി സംഗമം "സ്മൃതി മധുരം" 2025 ഒക്ടോബർ 25 ന് സർവകലാശാല മുഖ്യ കേന്ദ്രത്തിൽ വച്ച് സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഉദ്ഘാടം നിർവഹിച്ച ചടങ്ങിൽ സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. കെ.എസ്. അരുൺകുമാർ, ഡോ. എം. സത്യൻ, ഡോ. വി. ലിസി മാത്യു, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, ഡി.എസ്.എസ് എന്നിവർ പങ്കെടുത്തു. ചലചിത്ര താരവും പൂർവ്വ വിദ്യാർത്ഥിയുമായ ശ്രീ. സിനോജ് വർഗ്ഗീസ്, ചലചിത്ര താരവും വിദ്യാർത്ഥിയുമായ ശ്രീ. ജിനോ ജോൺ എന്നവർ മുഖ്യാതിഥികളായി. വിവിധ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ച പൂർവ്വ വിദ്യാർത്ഥികളെ അനുമോദിച്ചു.

40. സംസ്കൃതം വേദാന്തം വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കാലടി മുഖ്യ കേന്ദ്രത്തിൽ അന്താരാഷ്ട്ര പ്രഭാഷണ പരമ്പര 2025 ഒക്ടോബർ 27 ന് ആരംഭിച്ചു. വിശിഷ്ടാദ്വൈത വേദാന്തമാണ് പ്രഭാഷണ

പരമ്പരയുടെ വിഷയം. ജർമ്മനിയിലെ ഹാംബർഗ് സർവകലാശാലയിലെ റിസർച്ച് ഫെലോ ഡോ. സുഗന്യ അനന്തകിച്ചനിൻ പ്രഭാഷണ പരമ്പര നയിച്ചു.

41. സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ 2025 ഒക്ടോബർ 18 ന് കോട്ടയത്ത് വച്ച് നടന്ന ഉന്നത വിദ്യാഭ്യാസ സെമിനാറിൽ (വിഷൻ 2031) സിൻഡിക്കേറ്റ് അംഗങ്ങൾ, രജിസ്ട്രാർ, അധ്യാപകർ, അനധ്യാപകർ എന്നിവർ പങ്കെടുത്തു.
42. സർവകലാശാല പ്രസിദ്ധീകരിച്ച കേരളീയ സംസ്കൃത സാഹിത്യ ചരിത്രം (വടക്കുംകൂർ രാജരാമവർമ്മരാജ), കേരളീയ ചുമർചിത്രകലയിലെ സൗന്ദര്യദർശനം (ഡോ. സാജു തുരുത്തിൽ), റെസ്പോൺസ് ടു പോയട്രി (ഡോ. ജി ബാലമോഹൻ തമ്പി) എന്നീ മൂന്ന് പുസ്തകങ്ങൾ 2025 നവംബർ 04 ന് കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവ വേദിയിൽ വച്ച് പ്രൊഫസർ എം. തോമസ് മാത്യു പ്രകാശനം ചെയ്തു. പുസ്തക വിൽപ്പനക്കായുള്ള ഓൺലൈൻ പോർട്ടലിന്റെ ലോഞ്ചിങ്ങ് സർവകലാശാല വൈസ് ചാൻസലർ ഡോ. കെ.കെ. ഗീതാകുമാരി നിർവഹിച്ചു. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ടി. മിനി, ഡോ. മാത്യൂസ് ടി. തെള്ളി, ഡോ. വി. ലിസ്സി മാത്യു എന്നിവർ ചടങ്ങിൽ പങ്കെടുത്തു.
43. തിരൂർ പ്രാദേശിക കേന്ദ്രത്തിലെ എൻ.എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ പേരാമ്പ്ര കായണ്ണ കുറ്റിവയലിൽ തിരൂർ പ്രാദോശിക കേന്ദ്രത്തിലെ ചരിത്ര വിഭാഗം ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനിയും 2023-25 വർഷത്തെ എൻ.എസ്.എസ് വോളന്റിയർ സെക്രട്ടറിയും അതേ വർഷത്തെ മികച്ച വോളന്റിയറുമായ വിദ്യാർത്ഥിനിക്കുവേണ്ടി നിർമ്മിച്ച സ്നേഹവീടിന്റെ താക്കോൽ സമർപ്പണം 2025 നവംബർ 09 ന് വൈസ് ചാൻസലറും, ബാലുശ്ശേരി എം.എൽ.എ അഡ്വ. കെ. എം. സച്ചിൻദേവും ചേർന്ന് നിർവഹിച്ചു. ചടങ്ങിൽ സിൻഡിക്കേറ്റംഗങ്ങളായ ഡോ. ലിസ്സി മാത്യു, ഡോ. എം. സത്യൻ, അധ്യാപകരായ ഡോ. പദ്മദാസ് കെ.എൽ, ഡോ. സരിത ടി.പി, സ്റ്റേറ്റ് എൻ.എസ്.എസ് ഓഫീസർ ഡോ. ദേവി പ്രിയ ഡി. എന്നിവർ പങ്കെടുത്തു. ഇതിന് നേതൃത്വം കൊടുത്ത തിരൂർ പ്രാദേശിക കേന്ദ്രത്തിലെ നാഷണൽ സർവ്വീസ് ടീം അംഗങ്ങളെ അഭിനന്ദിക്കുന്നു.
44. സർവകലാശാല മാതൃഭാഷ സംരക്ഷണത്തിനും വികാസത്തിനും ഏർപ്പടുത്തിയിരിക്കുന്ന 2025 ലെ ഡോ. പ്രതീപൻ പാമ്പിരിക്കുന്ന് സ്മാരക ഭാഷാ പുരസ്കാരം 2025 നവംബർ 14 ന് ഗ്രന്ഥപ്പുരയുടെ സ്ഥാപകൻ ശ്രീ. ഷിജു അലക്സിന് വൈസ് ചാൻസലർ ഡോ. കെ.കെ. ഗീതാകുമാരി നൽകി. സംസ്ഥാന ഭരണഭാഷ സേവന പുരസ്കാരം ലഭിച്ച ശ്രീ. സുഖേഷ് കെ. ദിവകർ, ഭാഷക്കൊരു ഡോളർ പുരസ്കാരം ലഭിച്ച ഡോ. കെ.എസ്. ഇന്ദുലേഖ, ഭാഷാവലോകനമസിതി മുൻ അസിസ്റ്റ് കോർഡിനേറ്റർ പ്രേമൻ തറവട്ടത്ത് എന്നിവരെ ചടങ്ങിൽ ആദരിച്ചു. ഡോ. ബിച്ചു. എക്സ് മലയിൽ ഡോ. പ്രദീപൻ പാമ്പിരിക്കുന്ന് അനുസ്മരണ പ്രഭാഷണം നടത്തി.
45. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള ഹയർ സെക്കന്ററി വിംഗിന്റെ കരിയർ ഗൈഡൻസ് & അഡോളൻസ് കൗൺസിലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിൽ കോട്ടയം നെഹ്റു സ്റ്റേഡിയത്തിൽ വച്ച് 2025 നവംബർ 20 മുതൽ 24 വരെ സംഘടിപ്പിച്ച 2025-26 വർഷത്തെ 'ദിശ' എക്സ്പോയിൽ സർവകലാശാല പങ്കെടുത്തു.
46. സർവകലാശാല തിരൂർ പ്രാദേശിക കേന്ദ്രത്തിലെ സംസ്കൃത വ്യാകരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2025 ഡിസംബർ 03,04,05 തീയതികളിലായി ത്രിദിന ദേശീയ വാക്യാർത്ഥ സദസ്സ് സംഘടിപ്പിച്ചു. ചടങ്ങിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ നിർവഹിച്ചു. വാക്യാർത്ഥ സദസ്സിന്റെ അധ്യക്ഷൻ പ്രൊഫ. വി. രാമകൃഷ്ണഭട്ട്, ആചാര്യൻമാരായ പ്രൊഫ. രാധാകൃഷ്ണ ബാനർജി, പ്രൊഫ. കൃഷ്ണകുമാർ എന്നിവരെ ചടങ്ങിൽ ആദരിച്ചു.
47. സർവകലാശാലയുടെ മുഖ്യകേന്ദ്രത്തിലും വിവിധ പ്രാദേശിക കേന്ദ്രത്തിലും നടന്നുവന്ന സംസ്കൃത ദിനാഘോഷങ്ങളുടെ സമാപനം മുഖ്യകേന്ദ്രത്തിൽ 2025 ഡിസംബർ 03, 04 തീയതികളിലായി നടന്നു. സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ നിർവഹിച്ചു. ചടങ്ങിൽ ശ്രീ. സോമനാഥ സംസ്കൃതസർവകലാശാലയുടെ മുൻ വൈസ് ചാൻസലർ ഡോ. ഗോപബന്ധുമിശ്ര മുഖ്യപ്രഭാഷണം നടത്തി. ഡോ. വിശാലാക്ഷി, ഡോ. പി മാധവൻ കുട്ടി വാരിയർ, ഡോ എം. കെ. സുരേഷ് ബാബു എന്നിവരെ ചടങ്ങിൽ ആദരിച്ചു.

48. സർവകലാശാലയുടെ ഡിജിറ്റൽ ഫോർമാറ്റിലുള്ള ആദ്യത്തെ ഡിഗ്രി സർട്ടിഫിക്കറ്റ് മലയാളം വിഭാഗത്തിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനി കുമാരി. അപർണ്ണ ശശി -ക്ക് വൈസ് ചാൻസലർ 2025 ഡിസംബർ 04 ന് കൈമാറി. ചടങ്ങിൽ പ്രൊഫസർ ഇൻചാർജ്ജ് ഓഫ് എക്സാമിനേഷൻസ് ഡോ. ലിസ്സി മാത്യു, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. മാത്യൂസ് ടി. തെള്ളി, ഡോ. ബി. അശോക് , ഡോ. പി.വി. ഓമന എന്നിവർ പങ്കെടുത്തു.
49. സർവകലാശാലയും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സംസ്കൃത അക്കാദമിക കൗൺസിലും സംയുക്തമായി സംഘടിപ്പിച്ച സംസ്ഥാന തല സംസ്കൃത ദിനാഘോഷവും, പണ്ഡിത സമാദരണവും 2025 ഡിസംബർ 05 ന് കാലടി മുഖ്യകേന്ദ്രത്തിൽ സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ഡയറക്ടർ ആർ.എസ്. ഷിബു അധ്യക്ഷത നിർവഹിച്ചു.
50. സർവകലാശാലയുടെ സംഗീത വിഭാഗത്തിന്റെ ആഭിമിഖ്യത്തിൽ 2025 ഡിസംബർ 05, 06 തീയതികളിലായി ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഡോ. കെ.കെ. ഗീതാകുമാരി ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ സംഗീതജ്ഞൻ ശ്രീ. ആർ കെ. ശ്രീരാംകുമാർ "Understanding a Raga" എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.
51. അയ്യങ്കാളി സെന്റർ ഫോർ സോഷ്യൽ ആന്റ് കൾച്ചറൽ സ്റ്റഡീസിന്റെ ഈ വർഷത്തെ പ്രവർത്തന ഉദ്ഘാടനവും ഏകദിന സെമിനാറും 2025 ഡിസംബർ 16 ന് സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഡോ. കെ. കെ. ഗീതാകുമാരി അധ്യക്ഷയായ ചടങ്ങിൽ കേരള സംഗീത നാടക അക്കാദമി ഉപാധ്യക്ഷ ശ്രീമതി. പുഷ്പവതി പൊയ്പ്പാടത്ത് ഉദ്ഘാടനം നിർവഹിച്ചു. പ്രമുഖ ചരിത്ര ഗവേഷകനായ ചെറായി രാംദാസ് പ്രബന്ധാവതരണം നടത്തി.
52. സർവകലാശാല മുഖ്യകേന്ദ്രത്തിൽ സംസ്കൃത സാഹിത്യ വിഭാഗത്തിന്റ നേതൃത്വത്തിൽ 2025 ഡിസംബർ 17 ന് ഡോ. സി.എം. നീലകണ്ഠൻ എൻഡോവ്മെന്റ് പ്രഭാഷണം സംഘടിപ്പിച്ചു. ഡോ. കലാമണ്ഡലം കൃഷ്ണപ്രിയ "Application of Poetic Theories in Mohiniyattom" എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി.
53. ഇറാസ്മസ് മുൻഡസ് ജോയിന്റ് മാസ്റ്റേഴ്സ് പ്രോഗ്രാം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട Groingen സർവകലാശാലയുടെ പ്രതിനിധി Prof. Todd H. Wier 2025 ഡിസംബർ 15, 19 തീയതികളിലായി സർവകലാശാലയുടെ വിവിധ തലത്തിലുള്ള പ്രതിനിധികളുമായി ചർച്ച നടത്തി.
54. സർവകലാശാല മുഖ്യകേന്ദ്രത്തിൽ മലയാളം, ചരിത്ര വിഭാഗങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ പ്രൊഫ. എം.ജി.എസ് നാരായണൻ, പ്രൊഫ. ടി.ബി. വേണുഗോപാലപണിക്കർ എന്നിവരുടെ സ്മാരക പ്രഭാഷണങ്ങൾ 2025 ഡിസംബർ 30 ന് സംഘടിപ്പിച്ചു. ഡോ. ദിലീപ് എം. മേനോൻ (University of Witwatersrand, Johannusburg) , ഡോ. ഉദയകുമാർ ( റിട്ട. ജവഹർലാൽ നെഹ്റു സർവകലാശാല, ന്യൂഡൽഹി) എന്നിവർ മുഖ്യ ഭാഷണം നടത്തി.
55. The Department of History had signed MOU with KCHR for publication of Historical series with the KCHR under the series titled ‘ History Research Series’. The first two series of this has been published under General editorship of Prof. Dr. N.J. Francis. The books released at KLIBF 2026 includes ‘ Ayyappan Hyms of Kalameluttu in North Malabar’ A Historical study edited by Sri. K. Shibi and “When Cochin Became Cidade De Cochin 1527-1616: 83 Portuguese royal charters on the making of Cochin,” translated from Portuguese by Sri. Daves C.J.
56. സർവകലാശാല മുഖ്യകേന്ദ്രത്തിൽ ഓഫീസ് ഓഫ് ദി ഇന്റർനാഷണൽ അഫയേഴ്സിന്റേയും, സോഷ്യോളജി വിഭാഗത്തിന്റേയും ഹിസ്റ്ററി വിഭാഗത്തിന്റേയും സംയുക്താഭിമുഖ്യത്തിൽ "European Debates on the Post Secular and it’s Contestations” Doctoral workshop on Mixed-Methods Research” എന്ന വിഷയത്തിൽ Inter National Colloquium സംഘടിപ്പിച്ചു. Dr. Vlad Naumscu (Department of Sociology & Anthropology, Central European University), Prof. Todd H. Wier (University of Groningen, The Netherlands), Dr. Sanal Mohan (Former Dean, Faculty of Arts & Social Sciences, SSUS) എന്നിവർ റിസോഴ്സ് പേഴ്സൺസായി പങ്കെടുത്തു.

57. സർവകലാശാല മുഖ്യ കേന്ദ്രത്തിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ജെൻഡർ ഇക്വിറ്റിയുടേയും ദക്ഷായണി വേലായുധൻ സെന്റർ ഫോർ വിമൺസ് സ്റ്റഡീസിന്റേയും സംയുക്താഭിമുഖ്യത്തിൽ "ഫെമിനിസ്റ്റ് റിസർച്ച് മെത്തഡോളജി" എന്ന വിഷയത്തിൽ 2025 ഡിസംബർ 15 മുതൽ 19 വരെ വർക്ഷോപ്പ് സംഘടിപ്പിച്ചു.
58. സർവകലാശാല തിരൂർ പ്രാദേശിക കേന്ദ്രത്തിൽ സംസ്കൃത സാഹിത്യ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2026 ജനുവരി 6, 7, 8 തീയതികളിലായി ദേശീയ ശാസ്ത്ര സദസ്സ് സംഘടിപ്പിച്ചു.
59. സർവകലാശാല കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിൽ സംസ്കൃത സാഹിത്യ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2026 ജനുവരി 6, 7, 8 തീയതികളിലായി ത്രിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ ഡോ. പി. നാരായണൻ നമ്പൂതിരി (Rtd. Professor & Director, Institutite of Vedic and Cultural Studies, Devaswom Board, Guruvayur) മുഖ്യ പ്രഭാഷണം നടത്തി.
60. സർവകലാശാല പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിൽ ഹിന്ദി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ " ഹിന്ദി കഥകളിൽ ആധുനികതാ വിമർശനത്തിന്റെ സന്ദർഭങ്ങൾ " എന്ന വിഷയത്തിൽ 2026 ജനുവരി 6, 7, 8 തീയതികളിലായി ത്രിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു.
61. സർവകലാശാല മുഖ്യ കേന്ദ്രത്തിൽ സെന്റർ ഫോർ ട്രാൻസ്ലേഷൻ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ 2026 ജനുവരി 07, 08 തീയതികളിലായി ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ പ്രൊഫ. സോമേശ്വർ സതി (ഡൽഹി യൂണിവേഴ്സിറ്റി) ‘Bridging voices: Emerging Trends in Disability Translation Across Languages and Cultures’ എന്ന വിഷയത്തിൽ മുഖ്യ പ്രഭാഷണം നടത്തി.
62. സർവകലാശാല മുഖ്യ കേന്ദ്രത്തിൽ സംസ്കൃത വ്യാകരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പ്രൊഫ. വി. വെങ്കടരാജ ശർമ്മ എൻഡോവ്മെന്റ് പ്രോഗ്രാം 2026 ജനുവരി 8 -ാം തീയതി സംഘടിപ്പിച്ചു.
63. കേരള നിയമസഭാ മന്ദിരത്തിൽ വച്ച് 2026 ജനുവരി 7 മുതൽ 13 വരെ സംഘടിപ്പിക്കുന്ന നാലാമത് കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ സർവകലാശാല പ്രസിദ്ധീകരണങ്ങളുടെ പ്രദർശനവും വില്പനയും നടത്തി.
64. സർവകലാശാല മുഖ്യ കേന്ദ്രത്തിൽ സംസ്കൃത വേദാന്ത വകുപ്പിന്റെ നേതൃത്വത്തിൽ 2026 ജനുവരി 07,08,09 തീയതികളിലായി രണ്ടാംഘട്ട ശ്രീ ശങ്കര ലക്ചർ സീരീസിന്റെ ഭാഗമായി ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. വൈസ് ചാൻസലർ ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ പ്രൊഫ. സതീശ കെ.എസ് (നാഷണൽ സാൻസ്ക്രിറ്റ് യൂണിവേഴ്സിറ്റി, തിരുപ്പതി) വിവിധ വിഷയങ്ങളിൽ മൂന്ന് ദിവസവും പ്രഭാഷണം നടത്തി.
65. സർവകലാശാലയുടെ മുഖ്യ ക്യാമ്പസിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എംപ്ലോയീസ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ 2026 ജനുവരി 8-ാം തീയതി ദേശീയ സെമിനാർ സംഘടിപ്പിച്ചു. ബഹു. അങ്കമാലി എം.എൽ.എ ശ്രീ. റോജി എം. ജോൺ ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ വൈസ്ചാൻസലർ അധ്യക്ഷത വഹിച്ചു.
66. സർവകലാശാല മുഖ്യകേന്ദ്രത്തിൽ ഇംഗ്ലീഷ് വകുപ്പും, ഹയർ സെക്കൻഡറി ഡയറക്ടറേറ്റും, സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് ഡയറക്ടറേറ്റും (SCERT) സംയുക്തമായി ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകർക്കായി 10 ദിവസത്തെ (2026 ജനുവരി 07 മുതൽ 16 വരെ) റസിഡൻഷ്യൽ റിഫ്രഷർ കോഴ്സ് സംഘടിപ്പിക്കുന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. ചടങ്ങിന്റെ ഉദ്ഘാടനം വൈസ് ചാൻസലർ നിർവഹിച്ചു.
67. സർവകലാശാല മുഖ്യ കേന്ദ്രത്തിൽ സർവകലാശാലയും കേന്ദ്ര സാഹിത്യ അക്കാദമിയും സംയുക്തമായി 2026 ജനുവരി 09, 10 തീയതികളിലായി "ശങ്കര മനീഷ" എന്ന വിഷയത്തിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. കേന്ദ്ര സാഹിത്യ അക്കാദമിയുടെ സംസ്കൃതം ഉപദേശക സമിതി കൺവീനർ ഡോ. ഹരേകൃഷ്ണ സതാപതി മുഖ്യാതിഥിയായി. വൈസ് ചാൻസലർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡോ. സി. രാജേന്ദ്രൻ മുഖ്യ ഭാഷണം നടത്തി.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## II. പരിഗണനയ്ക്കുള്ള വിഷയങ്ങൾ (Item for consideration ) – പ്രിലിമിനറി അജണ്ട

1 **നം. 01908/EXAMB1/SSUS/2025(1)**

2025 ഏപ്രിൽ മാസത്തിൽ നടന്ന നാലാം സെമസ്റ്റർ എം.എ. തീയറ്റർ (റെഗുലർ/ റീ അഡ്മിഷൻ /റി അപ്പിയറൻസ് ) പരീക്ഷയിൽ വിജയികളായ വിദ്യാർത്ഥികളുടെ പരീക്ഷഫലം അംഗീകരിക്കുന്നതും, ബിരുദം നൽകുന്നതും സംബന്ധിച്ച്.

- അംഗീകരിച്ചു

2 **നം. 00284/ACDB1/SSUS/2024 (1)**

03.06.2025 ലെ FYUGP കമ്മിറ്റി കൺവീനർമാരുടെ യോഗ തീരുമാനങ്ങൾ അക്കാദമിക് കൗൺസിൽ സാധുകരണത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്.

- സാധൂകരിച്ചു

3 **നം. 02482/ACDB2/SSUS / 2025 (1)**

പുതുതായി പ്രാബല്യത്തിൽ വന്ന മൂന്ന് ക്രിമിനൽ നിയമങ്ങൾ സർവകലാശാലയുടെ അക്കാദമിക് കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്

- തത്വത്തിൽ അംഗീകരിച്ചു. ഓരോ വകുപ്പുകളോടും ചർച്ചകൾക്ക് ശേഷം അവരവരുടെ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിച്ചു.

4 **നം.02861/ACDA1/SSUS/2025 (1)**

തുല്യത സാക്ഷ്യപത്രം നൽകുന്നത് - മാനദണ്ഡങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച്

- 2015 മുതൽ വിദൂര വിദ്യാഭ്യാസം മുഖേന നേടുന്ന UG/PG തുടങ്ങിയ ഡിഗ്രികൾക്ക്, UGC അംഗീകാരമുണ്ടെങ്കിൽ തുല്യത/അംഗീകാരം നൽകുവാൻ തീരുമാനിച്ചു.

5 **നം. 00284/ACDB1/SSUS/2024 (1)**

230-ാം സിൻഡിക്കേറ്റ് യോഗത്തിലെ പുനഃപരീക്ഷ സംബന്ധിച്ച തീരുമാനം അക്കാദമിക് കൗൺസിലിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.

- ശ്രദ്ധിച്ചു

6 **നം. 01941/ACDB2 / SSUS / 2025 (1)**

"Minimum Standards of Instruction for the Grant of Undergraduate Degree and Postgraduate Degree Regulations, 2025 സർവകലാശാലയിൽ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

- അംഗീകരിച്ചു . സർവകലാശാലയ്ക്ക് അനുസൃതമായി പ്രസ്തുത റെഗുലേഷൻ തയ്യാറാക്കുന്നതിന് റെഗുലേഷൻ കമ്മറ്റിയെ ചുമതലപ്പെടുത്തി.

7 **നം. 00386/ACDB3/SSUS/2025 (1)**

കാലടി മുഖ്യകേന്ദ്രം (2017 അഡ്മിഷൻ) എം.എഫ്.എ വിദ്യാർത്ഥി വിനോദ് പി.സി-ക്ക് ഗ്രേഡ് കൺവർഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചത്- അക്കാദമിക് കൗൺസിൽ

സാധൂകരണത്തിനായി സമർപ്പിക്കുന്നത്- സംബന്ധിച്ച്.

- സാധൂകരിച്ചു. ഗ്രേഡ് കൺവേർഷൻ ഫോർമുല ബന്ധപ്പെട്ട റെഗുലേഷനിൽ ഉൾപ്പെടുത്തുന്നതിന് റെഗുലേഷൻ കമ്മറ്റിയെ ചുമതലപ്പെടുത്തി.

8 **നം. 02617/ACDB1/SSUS / 2025 (2)**

2022 പ്രവേശനം B.A. 5th സെമസ്റ്റർ വിദ്യാർത്ഥികൾക്ക് മലയാള വിഭാഗം ഓഫർ ചെയ്യുന്ന open കോഴ്സ് "UMLM 309 -സിനിമ - കാഴ്ചയും വിശകലനവും" സിലബസ് അംഗീകരിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി -അക്കാദമിക് കൗൺസിൽ സാധൂകരണത്തിന് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

- സാധൂകരിച്ചു

9 **നം. 03835/ACDB1/SSUS/2023 (2)**

വിവർത്തന പഠന കേന്ദ്രം സമർപ്പിച്ച മൾട്ടി ഡിസിപ്ലിനറി കോഴ്സ് - SUIMDCTLS101 "Literary Translation സിലബസ് അക്കാദമിക് കൗൺസിൽ സാധൂകരണത്തിന് വിധേയമായി അംഗീകരിച്ചത് - സംബന്ധിച്ച്.

- സാധൂകരിച്ചു

10 **നം. 01277/ACDB2/SSUS / 2025 (1)**

60-മത് അക്കാദമിക് കൗൺസിൽ ന്റെ കൺഫേംഡ് മിനുറ്റ്സ് ൽ അംഗങ്ങളുടെ പേര് വിട്ടു പോയത്-സംബന്ധിച്ച്

- ശ്രദ്ധിച്ചു

11 **നം. EC/5284/BFA/SSUS/2023(3) 2018**

പ്രവേശനം ബി.എഫ്.എ. മ്യൂറൽ പെയിന്റിംഗ് വിദ്യാർത്ഥിയായ യദുകൃഷ്ണ എസ് (രജി.നം. 18KA02PA05)-ന് ഡിഗ്രി അവാർഡ് ചെയ്യുന്നത് - സംബന്ധിച്ച്

- അംഗീകരിച്ചു

12 **നം.02426/SSCI/SSUS/2023 (1)** 51

ഗ്രേസ് മാർക്ക് മാനദണ്ഡം പുനഃക്രമീകരിക്കുന്നത് - സംബന്ധിച്ച്

- ശ്രദ്ധിച്ചു

## III **പ്രമേയങ്ങൾ (Resolutions)**

1 മിഥുൻ എം. അവതരിപ്പിച്ച് ഡോ. ജ്യോതിലാൽ റ്റി. ജി പിന്താങ്ങുന്ന പ്രമേയം

നിലവിൽ മൈനർ കോഴ്സുകൾ അനുവദിക്കാത്ത ഡിപ്പാർട്മെന്റുകൾ കൂടാതെ കോഴ്സുകൾ ഓഫർ ചെയ്യുന്ന സെന്ററുകൾ ഉൾപ്പെടെ പരിശോധിച്ച് മൈനർ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നത് - സംബന്ധിച്ച് .

- സിന്റിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു.

2 മിഥുൻ എം. അവതരിപ്പിച്ച് ഡോ. ജ്യോതിലാൽ റ്റി. ജി പിന്താങ്ങുന്ന പ്രമേയം

ഗവേഷണ പ്രബന്ധ സമർപ്പണത്തിലെ നിലനിൽക്കുന്ന ന്യൂനതകൾ പരിഹരിക്കുക

പി.എച്ച്.ഡി റഗുലേഷൻ കമ്മറ്റിയിൽ സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചു.

3 മിഥുൻ എം. അവതരിപ്പിച്ച് ഡോ. ജ്യോതിലാൽ റ്റി. ജി പിന്താങ്ങുന്ന പ്രമേയം

പിഎച്ച്ഡി പ്രവേശനത്തിൽ സ്റ്റേറ്റ് റിസർവേഷൻ പോളിസി പാലിക്കുക.

- അംഗീകരിച്ചു

4 മിഥുൻ എം. അവതരിപ്പിച്ച് ഡോ. ജ്യോതിലാൽ റ്റി. ജി പിന്താങ്ങുന്ന പ്രമേയം

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല : അക്കാദമിക് റൈറ്റിങ് കോഴ്സ് നിർബന്ധമാക്കുന്നതിനുള്ള പ്രമേയം-സംബന്ധിച്ച്

- എല്ലാ വകുപ്പുകളിലും ടി കോഴ്സ് ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചു.

## IV. സപ്ലിമെന്ററി അജണ്ട

1 നം. 04196/ACDA2/SSUS/2025 (1)

സംസ്കൃത സർവകലാശാലയിലെ യു.ജി. പ്രോഗ്രാമുകളുടെ പ്രവേശനത്തിന് എലിജിബിലിറ്റി അനുവദിക്കുന്നത് - സംബന്ധിച്ച്.

. ഒഴിവാക്കി

2 നം. 01276/ACDB1 / SSUS / 2025 (1)

Diploma in Ayurveda Panchakarma and International Spa Therapy Regulation 2014 clause 4 ൽ ഭേദഗതി വരുത്തിയത് അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്.

- അംഗീകരിച്ചു

3 നം. 04483 / EXAMD1 / SSUS / 2025 (1)

2020 അഡ്മിഷൻ എം ഫിൽ സംസ്കൃതം ജനറൽ വിദ്യാർത്ഥി ശരണ്യ കെ -യുടെ എം ഫിൽ പരീക്ഷ ഫലം അംഗീകരിക്കുന്നതും ഡിഗ്രി അവാർഡ് ചെയ്യുന്നതും -സംബന്ധിച്ച്

- അംഗീകരിച്ചു

4 നം. 04175/EXAMD1/SSUS/2025 (1)

2025 വർഷത്തിൽ ഏപ്രിൽ മാസം നടത്തിയ Multidisciplinary Dual Main Masters in Disaster Management (2023 അഡ്മിഷൻ) പ്രോഗ്രാം വിജയകരമായി പൂർത്തീകരിച്ച 16 വിദ്യാർത്ഥികളുടെ പരീക്ഷാഫലം അംഗീകരിക്കുന്നതും ഡിഗ്രി അവാർഡ് ചെയ്യുന്നതും - സംബന്ധിച്ച്

- അംഗീകരിച്ചു

5 നം. 04139/EXAMD2/SSUS / 2025 (1)

2025 വർഷത്തിൽ ഏപ്രിൽ മാസം നടത്തിയ എം.എസ്.ഡബ്ല്യൂ ( 2023 അഡ്മിഷൻ /റി അഡ്മിഷൻ) പ്രോഗ്രാം വിജയകരമായി പൂർത്തീകരിച്ച 88 വിദ്യാർത്ഥികളുടെ പരീക്ഷാഫലം അംഗീകരിക്കുന്നതും ഡിഗ്രി അവാർഡ് ചെയ്യുന്നതും സംബന്ധിച്ച്

- അംഗീകരിച്ചു

6 **നം. 02777/EXAMC3/SSUS/2025 (1)**

2019 പ്രവേശനം ബി.എഫ്.എ. മ്യൂറൽ പെയിന്റിംഗ് വിദ്യാർത്ഥിനിയായ അരുന്ധതി എസ് (രജി.നം. 19KA 2PA45)-ന് ഡിഗ്രി അവാർഡ് ചെയ്യുന്നത് - സംബന്ധിച്ച്

- അംഗീകരിച്ചു

7 **നം. എക്സാം സി./7022/എസ്.എസ്.യു.എസ്./ബി.എഫ്.എ./2023**

2024 ഒക്ടോബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.എഫ്.എ. റീ-അപ്പിയറൻസ് പരീക്ഷ (2020 പ്രവേശനം), 2025 ഏപ്രിൽ മാസത്തിൽ നടന്ന എട്ടാം സെമസ്റ്റർ ബി.എഫ്.എ. റെഗുലർ പരീക്ഷ (2021 പ്രവേശനം), നാല്/ആറ്/എട്ട് സെമസ്റ്റർ ബി.എഫ്.എ. റീ-അപ്പിയറൻസ് പരീക്ഷകൾ (2020 പ്രവേശനം) എഴുതി ബി.എഫ്.എ. ഡിഗ്രി വിജയകരമായി പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് ഡിഗ്രി അവാർഡ് ചെയ്യുന്നത് - സംബന്ധിച്ച്.

- അംഗീകരിച്ചു

8 **നം. 02526/ACDB1 / SSUS / 2024 (1)**

FYUGP പരീക്ഷ നടത്തിപ്പ്, പരീക്ഷ മൂല്യനിർണയം സംബന്ധിച്ച സർവകലാശാല ഉത്തരവിൽ 3 ക്രെഡിറ്റ് കോഴ്സുകളുടെ CE മാർക്കിന്റെ ഘടന പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച്.

- ഈ നിബന്ധന FYUGP റെഗുലേഷനിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചു.

9 **നം. 02759/ACDB1/SSUS/2023 (1)**

നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ പ്രാക്ടിക്കൽ വിഷയങ്ങളുടെ CCA - ESA അനുപാതം 50:50 എന്ന പുനനിശ്ചയിക്കുന്നത് -സംബന്ധിച്ച്.

- അംഗീകരിച്ചു

10 **നം. 03459/ACDB1/SSUS/2024 (1)**

നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ 3 & 4 ക്രെഡിറ്റ് കോഴ്സുകളുടെ CE & ESE മിനിമം മാർക്ക് നിശ്ചയിക്കുന്നത് സംബന്ധിച്ച 23.07.2025 ലെ FYUGP കമ്മിറ്റി കൺവീനർമാരുടെ യോഗ തീരുമാനം അക്കാദമിക് കൗൺസിലിന്റെ സാധൂകരണത്തിന് വിധേയമായി ബഹു. വൈസ് ചാൻസലർ അംഗീകരിച്ചത്- സാധൂകരിക്കുന്നത് സംബന്ധിച്ച്.

- സാധൂകരിച്ചു

11 **നം. 02810/SCOLI/SSUS/2025 (1)**

SCOL - എഡ്യൂക്കേഷൻ ഡിപ്പാർട്മെന്റിന്റെ കീഴിൽ നടത്താനിരിക്കുന്ന Life Skills Education', 'Educational Planning and Management' എന്നീ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സുകളുടെ സിലബസ് അംഗീകാരത്തിനായി സമർപ്പിക്കുന്നത് - സംബന്ധിച്ച്

- അംഗീകരിച്ചു. Credit Course കളായി മാറ്റം വരുത്തുന്നതിന് UGC യുടെ അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

12 **നം. 03969 / SOSCOL/SSUS/2024 (1)**

SCOL മുഖേന നടത്തുന്ന ഓൺലൈൻ കോഴ്സുകൾക്കായി ഇൻ്റേൺസിനെ നിയമിക്കുന്നത് - SCOL Internship Rules & Regulations - ന്റെ കരട് അംഗീകരിക്കുന്നത് - സംബന്ധിച്ച്.

- അംഗീകരിച്ചു

13 **നം. 03674/SCOL1/SSUS/2024 (1)**

'Basic course on Vasthuvidhya' എന്ന ഓൺലൈൻ കോഴ്സിന്റെ സിലബസ് പരിശോധിച്ച് സിൻഡിക്കേറ്റ് സബ് കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് പരിശോധിക്കുന്നതും ടി കോഴ്സിന്റെ സിലബസ് അംഗീകരിക്കുന്നതും സംബന്ധിച്ച്.

- അംഗീകരിച്ചു

14 **നം. 01542/ACDB1 / SSUS / 2025 (1)**

Centre for Manuscriptology രണ്ടാം സെമസ്റ്റർ MA വിദ്യാർത്ഥികൾക്ക് ഓഫർ ചെയ്യുന്നതിനായി തയാറാക്കിയ Multi Disciplinary Elective Course-കളുടെ സിലബസ് അക്കാദമിക് കൗൺസിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നത് സംബന്ധിച്ച്.

- അംഗീകരിച്ചു

15 **നം. 04498 / ACDB2 / SSUS / 2025 (1)**

ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രം 2025 അഡ്മിഷൻ എം. എ സംസ്കൃത സാഹിത്യം വിദ്യാർത്ഥി നാരായണൻ നമ്പൂതിരി എൻ (25ET03SA02), പയ്യന്നൂർ പ്രാദേശിക കേന്ദ്രം 2025 അഡ്മിഷൻ എം. എ മലയാളം വിദ്യാർത്ഥി ശ്രുവ്യ എൻ (25PY03MA09) എന്നിവർക്ക് ഒന്നാം സെമസ്റ്ററിൽ പ്രൊമോഷൻ നൽകി, രണ്ടാം സെമസ്റ്ററിൽ പഠനം തുടരുവാനും ഒന്നാം സെമസ്റ്റർ External പരീക്ഷ റീ-അപ്പിയർ ചെയ്യുവാൻ അനുമതി നൽകി കൊണ്ടും കാലടി മുഖ്യകേന്ദ്രം 2025 അഡ്മിഷൻ എം.എസ്.ഡബ്ല്യു വിദ്യാർത്ഥി ബാസില വി (25KA04SW15) -യ്ക്ക് ഒന്നാം സെമസ്റ്റർ സീറോ സെമസ്റ്റർ ആയി പരിഗണിച്ച് രണ്ടാം സെമസ്റ്ററിൽ പഠനം തുടരുവാൻ അനുമതി നൽകികൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചത് - റിപ്പോർട്ട് ചെയ്യുന്നത് -സംബന്ധിച്ച് .

- ശ്രദ്ധിച്ചു

16 **നം. 04709 / ACDB1 / SSUS / 2025 (2)**

മോഹിനിയാട്ടം പഠന വകുപ്പിലെ സർട്ടിഫിക്കറ്റ് കോഴ്സ് പുനരാരംഭിക്കുന്നത് - സംബന്ധിച്ച്

- ഇതുമായി ബന്ധപ്പെട്ട് അധികം വരുന്ന വർക്ക് ലോഡിന് ഗസ്റ്റ് അധ്യാപകരെ നിയമിക്കണമെന്ന നിബന്ധന ഒഴിവാക്കി. മറ്റു നിബന്ധനകൾ പ്രകാരം മോഹിനിയാട്ടം പഠനവകുപ്പിലെ സർട്ടിഫിക്കറ്റ് കോഴ്സ് പുനഃരാരംഭിക്കുന്നതിന് നിർദ്ദേശിച്ചു.

17 **നം. 03002/ACDB3/SSUS / 2024 (1)**

2022 റെഗുലേഷൻ ബി.എ മ്യൂസിക് സിലബസിന്റെ കോഴ്സ് കോഡുകളിൽ തിരുത്തലുകൾ വരുത്തിയ നടപടി അക്കാദമിക് കൗൺസിലിന്റെ സാധൂകരണത്തിന് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

- അംഗീകരിച്ചു

18 **നം. 00611 / SOACDB / SSUS / 2024 (1)**

സർവകലാശാലയിൽ സ്ഥാപിച്ചിട്ടുള്ള സെന്റർ ഫോർ സെക്കുലർ സ്റ്റഡീസിന്റെ ആക്ഷൻ പ്ലാൻ സിൻഡിക്കേറ്റ് അംഗീകാരത്തിന് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

- അംഗീകരിച്ചു

19 **നം. 04845/ACDB1/SSUS / 2025 (1)**

2025 അഡ്മിഷൻ ഹിന്ദി Ph. D. കോഴ്സ് വർക്ക് സിലബസ് അക്കാദമിക് കൗൺസിൽ അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്.

- അംഗീകരിച്ചു

20 **നം. 01831/ACDC2/SSUS/2025 (1)**

2019 BFA റഗുലേഷൻ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്.

- അംഗീകരിച്ചു

21 **നം. 04778/ACDB1/SSUS/2025 (1)**

സർവകലാശാലയിൽ Centre for Democratic Knowledges and Praxes സ്ഥാപിക്കുന്നതിനുള്ള പ്രൊപോസൽ – സംബന്ധിച്ച്.

- സിന്റിക്കേറ്റിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കി അക്കാദമിക് കൗൺസിലിൽ റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശിച്ചു.

22 **നം. 01082/ACDB1/SSUS / 2025 (1)**

Centre for Translation Studies ഓഫർ ചെയ്യുന്ന PG Diploma in Translation Studies(PGDTS) പ്രോഗ്രാമിന്റെ റെഗുലേഷൻ & സിലബസ് അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്.

- അംഗീകരിച്ചു

23 **നം. 04178/ACDB2/SSUS / 2025 (1)**

മയക്കുമരുന്ന് ദുരുപയോഗത്തിനെതിരായ അവബോധം വർദ്ധിപ്പിക്കുന്നതിനും അക്കാദമിക് പാഠ്യപദ്ധതിയിൽ ടി വിഷയം ഉൾപ്പെടുത്തുന്നത്- സംബന്ധിച്ച്

- അംഗീകരിച്ചു. താത്പര്യമുള്ള വകുപ്പുകൾക്ക് ഇതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചു.

24 **നം. 00949/ACDB1/SSUS / 2025 (1)**

MSW DM പ്രോഗ്രാം വിദ്യാർത്ഥികൾക്കായി തയാറാക്കിയ Development Communication in the Context of Disasters PSW S 12091 എന്ന കോഴ്സ് സിലബസ്, PG വിദ്യാർത്ഥികൾക്കായി തയാറാക്കിയ Multi Disciplinary Elective കോഴ്സുകളായ - PSW M 12088 Social Work in correctional Settings, PSW M 12089 Social Work and Labour Welfare, PSW M 12090 Queer Social Work എന്നീ കോഴ്സുകളുടെ സിലബസുകൾ അക്കാദമിക് കൗൺസിൽ അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്.

- അംഗീകരിച്ചു

25 **നം. 04949/SCOL1/SSUS/2025 (1)**

SCOL ഡോ. H പൂർണിമ സമർപ്പിച്ച ഓൺലൈൻ കോഴ്സ് 'Sanskrit Made Easy ന്റെ പ്രൊപോസൽ അംഗീകാരത്തിനായി സമർപ്പിക്കുന്നത് - സംബന്ധിച്ച്.

- അംഗീകരിച്ചു

26 **നം. 04885 / ACDB1 / SSUS / 2025 (1)**

2026 അക്കാദമിക് വർഷം മുതലുള്ള PG Diploma in Translation & Office Proceedings in Hindi പ്രോഗ്രാമ്മിന്റെ സിലബസ് അക്കാദമിക് കൗൺസിൽ അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്.

- അംഗീകരിച്ചു

27 **നം. 03110/ACDB1/SSUS / 2023 (3)**

Approval of the FYUGP Syllabi of various Semsters – reg.

- അംഗീകരിച്ചു.

28 **നം. 03110/ACDB1/SSUS / 2023 (2)**

FYUGP BSW Approval of Course Baskets for Major and Minor Pathways, inclusion of an : additional course on Methods of Social Work in the Minor programme of the Department of Social Work, procedures of various programme components in the curriculum, and list of online courses as a pool of potential online courses – reg.

- അംഗീകരിച്ചു

VI **ഔട്ട് ഓഫ് അജണ്ട (Out of Agenda)**

1. **നം. 01726/EXAMA1/SSUS/2025**

Award of Ph.D to Various Candidates- reg.

- അംഗീകരിച്ചു

2 **നം. 04044/EXAMC3/SSUS/2025 (1)**

I,II,III,IV,V & VI Semester BA Mercy Chance Examinations September 2025 conducted for 2015,2016,2017,2018,2019&2020 Admission Students- Publication of result-reg

- അംഗീകരിച്ചു

3 **നം. 01726/EXAMA1/SSUS/2025**

Award of Ph.D to Various Candidates- reg

- അംഗീകരിച്ചു

4 **നം. 01919/ACDB1/SSUS / 2025 (1)**

സംസ്കൃത ജനറൽ - സർട്ടിഫിക്കറ്റ് കോഴ്സ് - "വ്യവഹാര സംസ്കൃതം" -സിലബസ് അംഗീകരിക്കുന്നത് സംബന്ധിച്ച്.

- അംഗീകരിച്ചു. Course Code, Medium of instruction എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

5 **നം. 00284/ACDB1/SSUS/2024 (1)**

FYUGP നാലാം സെമസ്റ്ററിലെ ഇന്റേൺഷിപ്പ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അക്കാദമിക് കൗൺസിൽ അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്.

- അംഗീകരിച്ചു. Insitution list തയ്യാറാക്കുന്നതിന് അതാത് BOS നെ ചുമതലപ്പെടുത്തുന്നു

6 **നം. 01787 / ACDB2 / SSUS / 2025 (1)**

വിദ്യാർത്ഥികൾക്ക് കായിക ക്ഷമതയ്ക്കായി 45 മിനിറ്റ് മാറ്റി വയ്ക്കണമെന്ന UGC നിർദ്ദേശം-സംബന്ധിച്ച് .

- സിന്റിക്കേറ്റിൽ സമർപ്പിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കുവാൻ നിർദ്ദേശിച്ചു.

7 **നം. 04713 / ACDB2 / SSUS / 2025 (1)**

സീറോ സെമസ്റ്റർ കമ്മിറ്റിയുടെ ശിപാർശ അംഗീകരിക്കുന്നത് - സംബന്ധിച്ച് 07.01.2026 ന് ഉച്ചയ്ക്ക് 2 മണിക്കു ചേർന്ന സീറോ സെമസ്ററർ കമ്മിറ്റിയുടെ ശിപാർശ ചുവടെ കൊടുത്തിരിക്കും പ്രകാരം അംഗീകരിക്കുന്നു.

1. കാലടി മുഖ്യകേന്ദ്രം 2025 അഡ്മിഷൻ എം എ ഫിലോസഫി ഒന്നാം സെമസ്റ്റർ വിദ്യാർത്ഥി കൃഷ്ണപ്രസാദ് (Reg.No. 25KA03PH15) ന് ഒന്നാം സെമസ്റ്ററിൽ 81.82% ഹാജർ ലഭിച്ചിട്ടുണ്ടെന്നും റെഗുലേഷൻ പ്രകാരമുള്ള ഇന്റേണൽ മാനദണ്ഡം പൂർത്തീകരിച്ചതും പരിഗണിച്ച്, രണ്ടാം സെമസ്റ്ററിലേക്ക് സ്ഥാനക്കയറ്റം നൽകി പഠനം തുടരുവാനും ഒന്നാം സെമസ്റ്റർ എക്സ്റ്റേണൽ പരീക്ഷ റീ-അപ്പിയർ ചെയ്യുവാനും അനുവദിച്ചു.

2. കാലടി മുഖ്യകേന്ദ്രം 2025 അഡ്മിഷൻ എം എ മ്യൂസിയോളജി ഒന്നാം സെമസ്റ്റർ വിദ്യാർത്ഥിനിയായ സ്നേഹ ബിജു (Reg. No. 25KA03MS03) ന് ഒന്നാം സെമസ്റ്ററിലെ ഇന്റേണൽ പൂർത്തീകരിച്ചതും രണ്ട് കോഴ്സുകൾ ഒഴികെയുള്ള എല്ലാ എക്സ്റ്റേണൽ പരീക്ഷകൾക്ക് ഹാജരായിട്ടുണ്ടെന്നതും പരിഗണിച്ച്, ടി വിദ്യാർത്ഥിനിക്ക് തുടർന്നുള്ള രണ്ടാം സെമസ്റ്ററിലേക്ക് സ്ഥാനക്കയറ്റം നൽകി പഠനം തുടരുവാനും ഒന്നാം സെമസ്റ്റർ എക്സ്റ്റേണൽ റീ-അപ്പിയർ (എഴുതാത്ത കോഴ്സുകൾ മാത്രം) ചെയ്യുന്നതിനും അനുവദിച്ചു.

3. കൊയിലാണ്ടി പ്രാദേശിക കേന്ദ്രം 2024 അഡ്മിഷൻ എം എ സംസ്കൃതം ജനറൽ വിദ്യാർ ത്ഥിനിയായ അയന ബി എൻ (Reg. No. 24KO03SG09) ന് മൂന്നാം സെമസ്റ്ററിലെ ഇന്റേണൽ പൂർത്തീകരിച്ചതും രണ്ട് കോഴ്സുകൾ ഒഴികെയുള്ള എല്ലാ എക്സ്റ്റേണൽ പരീക്ഷകൾക്ക് ഹാജരായിട്ടുണ്ടെന്നതും പരിഗണിച്ച്, ടി വിദ്യാർത്ഥിനിക്ക് തുടർന്നുള്ള നാലാം സെമസ്റ്ററിലേക്ക് സ്ഥാനക്കയറ്റം നൽകി പഠനം തുടരുവാനും മൂന്നാം സെമസ്റ്റർ എക്സ്റ്റേണൽ പരീക്ഷ റീ-അപ്പിയർ (എഴുതാത്ത കോഴ്സുകൾ മാത്രം) ചെയ്യുന്നതിനും അനുവദിച്ചു.

8. **നം. 01045/ACDB1/SSUS/2024**

Faculty of Visual & Performing Arts രൂപീകരിച്ചു കൊണ്ടുള്ള ഓർഡിനൻസ് അക്കാദമിക് കൗൺസിലിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്

- ശ്രദ്ധിച്ചു

യോഗത്തിൽ പ്ലാസ്റ്റിക്ക് വസ്തുക്കൾ ഒഴിവാക്കി ഗ്രീൻ പ്രോട്ടോകോൾ പാലിക്കണമെന്ന് അംഗങ്ങൾ ആവശ്യപ്പെട്ടു. സിലബസുകളുടെ പ്രിന്റഡ് കോപ്പി എടുത്ത് അക്കാദമിക് കൗൺസിൽ അംഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതില്ല. അക്കാദമിക് കൗൺസിലിലേക്കുള്ള കുറിപ്പുകൾ അജണ്ടയായി തയ്യാറാക്കുമ്പോൾ ഇരുപുറവും പ്രിന്റ് എടുക്കേണ്ടതാണ്. FYUGP യുടെ എല്ലാ സെമസ്റ്ററുകളിലെയും (8 സെമസ്റ്ററുകളുടേയും) സിലബസ് സമർപ്പിക്കാത്ത പഠന വിഭാഗങ്ങൾ അടിയന്തരമായി അവ സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു. വകുപ്പ് മേധാവിമാർ സിലബസുകൾ ഇ-മെയിൽ ചെയ്യുന്നതിനോടൊപ്പം അതിന്റെ സാക്ഷ്യപ്പെടുത്തിയ ഒരു Hard copy യും അടിയന്തരമായി സമർപ്പിക്കേണ്ടതാണ്.

യോഗം ഉച്ചയ്ക്ക് 1.30 ന് സമാപിച്ചു.

**ഒപ്പ്**
**ഡോ. മോത്തി ജോർജ്**
**രജിസ്ട്രാർ**